# മൻ കി ബാത്ത്

വാല്യം – 4



# മൻ കി ബാത്ത്

## വാല്യം–4

**രചയിതാക്കൾ**
ശാരദ മോഹൻ, ശശി മുഖർജി

**ഇല്ലസ്ട്രേഷൻ, കവർ ഡിസൈൻ**
ദിലീപ് കാദം

**അസിസ്റ്റന്റ് ആർട്ടിസ്റ്റ്**
രവീന്ദ്ര മൊകാതെ

**ലേയ്ഔട്ട് ആർട്ടിസ്റ്റ്**
തരങ്കിണി മുഖർജി

**എഡിറ്റിങ്ങ്, നിർമ്മാണം**
അമർ ചിത്ര കഥ

**പ്രസാധനം**
അമർ ചിത്ര കഥ പ്രൈവറ്റ് ലിമിറ്റഡ്

**MALAYALAM**

**ISBN — 978-81-19596-16-4**

Amar Chitra Katha Pvt. Ltd, July 2023

© Ministry of Culture, Govt of India, July 2023
All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with ACK Learn, a unique learning platform that brings these stories to your school with a range of workshops. Find out more at www.acklearn.com or write to us at acklearn@ack-media.com.



മറ്റുള്ളവർക്ക് എന്തെങ്കിലും നല്ലതു ചെയ്യണമെന്നുള്ളവർക്ക് അതു ചെയ്യാൻ പ്രത്യേക സമയമോ കാലമോ ഇല്ല. ഗുണപരമായ പ്രചോദനം ഉള്ളിൽ നിന്നുതന്നെ വരുന്നു. ഒരു കുഞ്ഞു ശബ്ദം നമ്മോട് ചെയ്യേണ്ടതെന്തെന്നു പറയുന്നു. എന്നാൽ വലിയ ശബ്ദങ്ങൾക്ക് പറയാൻ സാധിക്കുക, കാത്തിരിക്കാൻ സമയമില്ലെന്നൊ അല്ലെങ്കിൽ പണമില്ലെന്നോ അല്ലെങ്കിൽ വളരെ ചെറുപ്പമാണെന്നോ, പ്രായമായെന്നോ പറയുന്നു.

ഈ കോമിക്കിൽ, സ്വന്തം കുഞ്ഞു ശബ്ദങ്ങൾ കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്തവരെക്കുറിച്ചാണ് നിങ്ങൾ വായിക്കാൻ പോകുന്നത്.

ചമ്പാ ദേവി, ഒരു സ്കൂളിലെ ഉച്ചക്കഞ്ഞിവെപ്പുകാരി, തന്റെ ഗ്രാമവാസികളെ കമ്പോസ്റ്റ് നിർമ്മാണത്തിലൂടെ പരിസ്ഥിതി മലിനീകരണം കുറയ്ക്കാൻ പഠിപ്പിച്ചു.

രാംവീർ തൻവാർ, തടാകങ്ങൾ വൃത്തിയാക്കി സംരക്ഷിക്കുകയെന്ന മഹത്തായ കാര്യം ചെയ്തു.

രാധിക ശാസ്ത്രി, ഒരു കഫെ ഉടമ, മനുഷ്യർക്കും മൃഗങ്ങൾക്കുമായി ഒരു ഓട്ടോറിക്ഷ ആമ്പുലൻസ് ആരംഭിച്ചു. കാരണം സാധാരണ ആമ്പുലൻസുകൾക്കുവേണ്ട വലുപ്പം അവിടത്തെ പാതയ്ക്കുണ്ടായിരുന്നില്ല.

അങ്ങിനെ ഒരുപാടുപേർ, കഠിനമായ, ആരും നടക്കാത്ത വഴികളിലൂടെ നടന്നു, അതുകൊണ്ട് സഹജീവികൾക്കും മൃഗങ്ങൾക്കും പരിസ്ഥിതിക്കുമായി അവർക്ക് ചിലതു ചെയ്യാൻ സാധിച്ചു.

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ചമ്പാ ദേവി | 3 |
| 2 | രാംവീർ തൻവാർ | 6 |
| 3 | ഓം പ്രകാശ് സിങ് | 9 |
| 4 | രാധിക ശാസ്ത്രി | 11 |
| 5 | ചിന്തല വെങ്കട്ട് റെഡ്ഡി | 13 |
| 6 | സന്ദീപ് കുമാർ ബദ്ര്സ | 16 |
| 7 | സുരേഷും മൈഥിലിയും | 18 |
| 8 | ദീപ്മാല പാണ്ഡെ | 21 |
| 9 | ശ്രീമാൻ നാരായണൻ | 24 |
| 10 | ഡോ. കുരെല്ല വിത്തലാചാര്യ | 27 |
| 11 | രാഹുൽ മഹാറാണ | 30 |

# ചമ്പാ ദേവി




* സർക്കാർ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണ പദ്ധതിയിൽ കുട്ടികൾക്ക് കഞ്ഞി പാചകം ചെയ്തുകൊടുക്കുന്ന തൊഴിലാളി.



നിങ്ങൾ കമ്പോസ്റ്റു ണ്ടാക്കാത്തതെന്തു കൊണ്ടാണ്? പച്ചക്കറി വേസ്റ്റും, ചവറും, ഭക്ഷണാവശിഷ്ടങ്ങളും ഒരു തൊട്ടിയിലൊ കുഴിയിലൊ ഇടുക. കുറച്ചു ദിവസം കഴിഞ്ഞാൽ അത് കമ്പോസ്റ്റാകും, അത് നിങ്ങളുടെ പച്ചക്കറി തോട്ടത്തിൽ ഉപയോഗിക്കാം.
ആണോ? ഈ പുക ഞങ്ങളെ ബുദ്ധിമുട്ടിക്കുന്നു. ഇതെന്നെ പഠിപ്പിക്കാമൊ?
തീർച്ചയായും.
മറ്റു സ്ത്രീകളും ചമ്പാ ദേവിയിൽ നിന്ന് കാര്യങ്ങൾ മനസ്സിലാക്കാനായി എത്തി. വൈകാതെ–
ഈ വലിയ തൊട്ടിയിൽ നമ്മൾ ആദ്യം അടുക്കള മാലിന്യവും, ഉണങ്ങിയ ഇലകളും പുല്ലും ഇടുന്നു. അടുത്തതായി പൂന്തോട്ടത്തിലെ ഉണങ്ങിയ മാലിന്യം ഇടണം.
സാവധാനം, പടിപടിയായി, ഗ്രാമത്തിലെ സ്ത്രീകളെ കമ്പോസ്റ്റുണ്ടാക്കാനും, മാലിന്യങ്ങൾ കത്തിക്കുന്നത് ഒഴിവാക്കാനും ചമ്പാ ദേവി പഠിപ്പിച്ചു.
വൈകാതെ അവർ ചുവപ്പും പച്ചയും നിറങ്ങളിൽ വേറെ വേറെ തൊട്ടികൾ ലഭ്യമാക്കി.
അടുക്കള മാലിന്യം പച്ച തൊട്ടിയിലും, പ്ലാസ്റ്റിക് മാലിന്യം ചുവന്നതിലും ഇടുക. പച്ച തൊട്ടി നിറഞ്ഞാൽ കമ്പോസ്റ്റു കുഴിയിൽ ഇടുക.
മാലിന്യം വേർതിരിക്കാൻ കുട്ടികൾക്ക് ഉത്സാഹമാണ്!



അധികം വൈകാതെ, വനിതകൾ ചായമടിച്ച തൊട്ടികൾ ഗ്രാമത്തിലെ എല്ലാ വീടുകളിലും എത്തിച്ചു. വിവിധ തരത്തിലുള്ള മാലിന്യങ്ങൾക്ക് വിവിധ നിറത്തിലുള്ള തൊട്ടികൾ.
നീലപ്പെട്ടി, പേപ്പറുകളും കണ്ണാടിച്ചില്ലുകളും ലോഹ മാലിന്യങ്ങളും ഇടാൻ ഉപയോഗിക്കാം. അത് റീസൈക്കിൾ ചെയ്യാൻ സാധിക്കുന്നവയാണ്. ജൈവ മാലിന്യങ്ങൾ ഞാൻ നിങ്ങളെ പഠിപ്പിച്ചതുപോലെ കമ്പോസ്റ്റിന് ഉപയോഗിക്കാം.
കുപ്പികൾ, ബാഗുകൾ തുടങ്ങിയ റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക് ഐറ്റങ്ങൾ മഞ്ഞ പെട്ടിയിൽ ഇടുക.
കുറച്ച് ആഴ്ചകൾക്കു ശേഷം–
നമ്മൾ ഒത്തൊരുമിച്ചതുകൊണ്ട് ചെടികൾ നടാൻ സാധിച്ചു.
കൂടുതൽ മരങ്ങളെന്നാൽ ശുദ്ധമായ വായു എന്നല്ലെ!
ചമ്പാ ദേവിയെക്കുറിച്ചുള്ള വാർത്ത അടുത്ത ഗ്രാമങ്ങളിലും പടർന്നു.
ചമ്പാ ദേവി, താങ്കൾ ഗ്രാമത്തിന്റെ മുഖചായ മാറ്റി! ഞങ്ങളെ ഒരുപാടു കാര്യങ്ങൾ പഠിപ്പിച്ചു.
സാധിക്കുമെങ്കിൽ! നമ്മുടെ എല്ലാ ഗ്രാമങ്ങളും ശുചിത്വ പൂർണ്ണമാകണം, കുട്ടികളും നമ്മളും ആരോഗ്യവാന്മാരുമാകണം.
മൂന്നു വർഷങ്ങൾക്കു ശേഷം, പ്രധാനമന്ത്രി മോദി, ചമ്പാ ദേവിയുടെ പ്രവർത്തനങ്ങളെ തന്റെ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ അഭിനന്ദിച്ചു, ഇത് ഗ്രാമവാസികളെ സന്തോഷിപ്പിച്ചു.
ചമ്പാ ദേവി നൂറുകണക്കിന് മരങ്ങൾ നട്ടുപിടിപ്പിച്ചുകൊണ്ട് തന്റെ ഗ്രാമത്തെ ഹരിതാഭമാക്കി.
കൂടുതൽ ആളുകൾ തന്നോടൊപ്പം ചേർന്നുകൊണ്ട് ഹരിതാഭവും ശുചിത്വപൂർണ്ണവുമായ ഒരു പരിസ്ഥിതി സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# രാംവീർ തൻവാർ



നായർ സാർ തന്റെ വിദ്യാർത്ഥികളെയും കൊണ്ട് ദേശാടനപക്ഷികളെ കാണിക്കാൻ അടുത്തുള്ള തടാകത്തിലേയ്ക്കു കൊണ്ടുപോയി, പക്ഷെ–
ഹോ കഷ്ടം! തടാകത്തിന്റെ അവസ്ഥ നോക്കൂ!
ആകെ കുറച്ചു ജലം മാത്രമെയുള്ളു സാർ.
മാലിന്യങ്ങൾകൊണ്ട് ഇവിടെമാകെ ചീഞ്ഞു നാറുന്നു.
വരൂ നമുക്ക് റോഡരുകിലെ പാർക്കിലേയ്ക്കു പോകാം. ഇന്നൊരു കഥപറയാം അതു നിങ്ങളെ പ്രചോദിപ്പിക്കും.
മറ്റൊരു വൃത്തികെട്ട തടാകത്തെക്കുറിച്ചുള്ള കഥയാണൊ സാർ?
ഇത് മലിനപ്പെട്ട് ജീവൻ നശിച്ച 80 തടാകങ്ങളെ, പുനരുജ്ജീവിപ്പിച്ച കഥയാണ്.
രാംവീർ തൻവാർ സ്കൂളിൽ നിന്നെത്തി തിടുക്കത്തിൽ ഉച്ചഭക്ഷണം കഴിക്കുകയായിരുന്നു.
രാംവീർ പതുക്കെ ഭക്ഷണം കഴിക്കൂ അല്ലെങ്കിൽ തൊണ്ടയിൽ കുടുങ്ങിപ്പോകും!
ശരി, അമ്മേ.


ഈ കുട്ടിയെന്താ വാലിൽ തീപിടിച്ച പോലെ ഓടുന്നത്?
അവനെ ഓടാൻ സഹായി ക്കുന്നത് തീയല്ല, വെള്ളമാണ്.
അതു ശരിയായിരുന്നു. എല്ലാ ദിവസവും രാംവീർ തന്റെ കന്നുകാലികളെ വീടിനടുത്തുള്ള തടാകക്കരയിൽ മേയ്ക്കാൻ കൊണ്ടുപോകാറുണ്ടായിരുന്നു.
ഇത് ഈ ദിവസത്തിലെ നല്ല നിമിഷമാണ്. പശു ക്കൾക്ക് നല്ല പുല്ലും എനിക്ക് മനോഹര മായ കാഴ്ചയും.
രാംവീർ തടാകത്തിൽ കാറ്റു തീർക്കുന്ന കുഞ്ഞോളങ്ങൾനോക്കി മണിക്കൂറുകളോളം ഇരിക്കാറുണ്ടായിരുന്നു.
വർഷങ്ങൾ കഴിഞ്ഞപ്പോൾ രാംവീർ നഗര ത്തിൽ മെക്കാനിക്കൽ എൻജിനിയറിങ് പഠിക്കാൻ പോയി. പക്ഷെ ഇടയ്ക്ക് വീട്ടി ലേയ്ക്ക് വരാറുണ്ടായിരുന്നു –
അവർ കുളങ്ങൾ നികത്തി വീടു നിർമ്മിക്കുന്നു. ചുറ്റും ഏതാനും മരങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്.
അതെ മോനേ, അവർ പറയുന്നത് നമ്മുടെ ഗ്രാമത്തിൽ വികസനം വരികയാ ണെന്നാണ്.
അയാൾ തന്റെ കൂട്ടുകാരോടും സഹപാഠികളോടും സംസാരിച്ചു.
വികസനത്തിന്റെ പേരിൽ ദാദയുടെ മുഖച്ഛായ മാറ്റി. ഗ്രേറ്റർ നോയിഡ തിരക്കേറിയതും ശബ്ദമുഖ രിതവുമായ നഗരമായി മാറുന്നു.
നമ്മൾ ഒരുമിച്ച് എന്തെങ്കിലും ചെയ്തേ മതിയാകൂ.
അതേസമയം അവരുടെ കോളജ് ഒരു പാരിസ്ഥിതിക പദ്ധതിക്കു വേണ്ടി അവർക്ക് അവസരം കൊടുത്തിരുന്നു
ഇത് ഒരവസരമാണ്. നമ്മൾ ഒരു ഗ്രൂപ്പുണ്ടാക്കി ജലസ്രോതസ്സുകൾ സംരക്ഷി ക്കാനായി പ്രവർത്തിക്കാം. ജനങ്ങളുടെ അരികിൽ ചെന്ന് ജലവും മരങ്ങളും സംരക്ഷി ക്കേണ്ടതിനെക്കുറിച്ച് ബോധ വൽക്കരിക്കാം.
ഞാനുമുണ്ട്.
ഞാനും!


രാംവീർ 'ജൽ ചൗപൽ''* എന്ന ഒരു ഗ്രൂപ്പ് ഉണ്ടാക്കി– കൂട്ടുകാരോടൊപ്പം ഗ്രാമവാസികളുമായി അനൗപചാരികമായ സംഭാഷണത്തിലേർപ്പെട്ടു.
ബാബു ജി, നമ്മുടെ തടാകങ്ങൾ സംരക്ഷിക്കണം അല്ലെങ്കിൽ കെട്ടിട നിർമ്മാതാക്കൾ അതു നശിപ്പിക്കും.
നീ പറഞ്ഞത് ശരിയാണ് മോനെ. പറയൂ ഞങ്ങളെന്താണ് ചെയ്യേണ്ടത്.
രാംവീറിന് നല്ലൊരു കമ്പനിയിൽ ജോലി ലഭിച്ചെങ്കിലും രണ്ടു വർഷത്തിനു ശേഷം ജോലി ഉപേക്ഷിച്ചു.
എനിക്കു ചെയ്യാൻ വലിയൊരു ജോലിയുണ്ട്. നഗരത്തിലെ അഴുക്കുചാൽ, തടാകത്തിലാണ് ബന്ധിപ്പിച്ചിരിക്കുന്നത്, അവിടെയാണ് പ്രശ്നം. അഴുക്കുവെള്ളവും മാലിന്യവും കുളങ്ങളിലോ തടാകങ്ങളിലോ തള്ളുന്നു.
2018 ൽ രാംവീർ 'സേ എർത്ത്' എന്നൊരു എൻ.ജി.ഒ. രൂപികരിച്ചു. കൂട്ടുകാരും സന്നദ്ധ പ്രവർത്തകരും ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനും നഗരത്തിൽ വനങ്ങളുണ്ടാക്കാനും പരിശ്രമിച്ചു.
മാലിന്യങ്ങൾ തടാകങ്ങളിൽ ഒരു പാട നിർമ്മിക്കുന്നു. അതു നീക്കം ചെയ്യുകയും സ്വാഭാവിക ജലശ്രോതസ്സുകൾ പുനസ്ഥാപിക്കുകയും ചുറ്റും മരങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യണം.
ആറു വർഷത്തിനുള്ളിൽ രാംവീറിന്റെ എൻജിഒ 80 തടാകങ്ങൾ പുനരുജ്ജീവിപ്പിക്കുകയും 6 സംസ്ഥാനങ്ങളിലായി 4 അർബൻ ഫോറസ്റ്റുകൾ ഉണ്ടാക്കുകയും ചെയ്തു.
തടാകത്തിനു ചുറ്റുമുള്ള നടപ്പാതയിൽ ആളുകൾ നടക്കുന്നതു കാണുമ്പോഴും ഇവിടേയ്ക്ക് നീർപക്ഷികൾ കൂടുതേടി വരുമ്പോഴും എനിക്ക് സന്തോഷം തോന്നുന്നു.
രാംവീറിന്റെ പരിശ്രമങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവയ്ക്കപ്പെട്ടു. ജനങ്ങൾ അദ്ദേഹത്തെ 'പോണ്ട് മാൻ ഓഫ് ഇന്ത്യ' എന്നു വിളിച്ചു. പ്രധാനമന്ത്രി അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ പ്രത്യേകം പരാമർശിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

*ജല സംരക്ഷണ സമിതി

# ഓം പ്രകാശ് സിങ്




*ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് സർക്കാർ സേവനങ്ങൾ നേരിട്ട് എത്തിച്ചു നൽകുന്ന കേന്ദ്രങ്ങൾ


അന്നത്തെ ആ ദിവസത്തിന് മൂന്നു വർ
ഷം മുൻപുവരെ ഇതു തുടർന്നു –
ഞാൻ ഡൽഹിയിൽ ഡിജിറ്റൽ ഇന്ത്യ പ്രോഗ്രാമിൽ പങ്കെടുക്കാൻ പോകുന്നു. നമ്മുടെ ഗ്രാമത്തിൽ എങ്ങിനെ ഒരു ഇന്റർനെറ്റ് കണക്ഷൻ കിട്ടുമെന്നു നോക്കാം.
തിരിച്ചെത്തിയപ്പോൾ –
നിനക്കറിയണൊ, ഭാരത് നെറ്റ് എന്നൊരു ബ്രോഡ്ബാന്റ് കണക്ഷനുണ്ട് അത് നമ്മുടെ ഗ്രാമത്തിലും എത്തിക്കാൻ സാധിക്കും.
അതു നന്നായി. ഇനി നമ്മുടെ ജനങ്ങൾക്ക് അവരുടെ ആധാർ കാർഡ് എളുപ്പം ലഭിക്കും.
അദ്ദേഹം വൈകാതെ ഗ്രാമത്തിലെ വീടു
കളിൽ സൗജന്യ ഇന്റർനെറ്റ് കണക്ഷൻ
ലഭ്യമാക്കി.
ഇനി നിനക്ക് വിവിധ വിഷയങ്ങൾ തിരയാം. നിനക്കുവേണ്ട ഏതു വിവരങ്ങളും ലഭിക്കും. ഇനി സൗജന്യമായി കൂട്ടുകാർക്ക് സന്ദേശമയക്കാം.
നന്ദി ചാച്ച*! ഇത് ഗംഭീരം!
ഏതാനും മാസങ്ങൾക്കു ശേഷം, ഒരു
ചെറിയ തുക ഈടാക്കാൻ ആരംഭിച്ചു.
മിക്കവരും സന്തോഷത്തോടെ അതഗീകരിച്ചു.
വൈകാതെ –
ഓം പ്രകാശ്, താങ്കൾക്കു നന്ദി. ഗ്രാമത്തിലെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ കിട്ടി.
ഇനി അടുത്ത ഗ്രാമങ്ങളിലും ഇന്റർനെറ്റ് എത്തിക്കേണ്ടതുണ്ട്.
ഓം പ്രകാശിന്റെ കണക്ഷനുകൾ
കോവിഡ് കാലത്ത് ആയിരക്കണ
ക്കിന് വിദ്യാർത്ഥികൾക്ക് വലിയ
ഉപകാരമായി.
ഓം പ്രകാശ് 82 ഗ്രാമ പഞ്ചായത്തുകളിൽ
നെറ്റ് കണക്ഷൻ എത്തിക്കുന്നു. ആശുപ
ത്രികൾക്കും സ്കൂളുകൾക്കും അങ്കണ
വാടികൾക്കും ഇപ്പോഴും സൗജന്യമായി
കണക്ഷൻ നൽകുന്നു.
എന്റെ സർവ്വീസ് സെന്ററിനു ചുറ്റും ഞാൻ ഒരു സൗജന്യ വൈഫൈ സോൺ സൃഷ്ടിച്ചിട്ടുണ്ട്, അതിനാൽ ഇന്റർനെറ്റ് ആക്സസ് ആവശ്യമുള്ള ആർക്കും അതിൽ നിന്ന് പ്രയോജനം നേടാനാകും. ഓരോ ഗ്രാമീണനും ഇന്റർനെറ്റ് ആക്സസ് ലഭിക്കുന്നത് കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

*ഹിന്ദിയിൽ അമ്മാവൻ

# രാധിക ശാസ്ത്രി



പത്താം ക്ലാസ്സുകാരനെ ആംബുലൻസിൽ ആശുപത്രയിലേയ്ക്ക് കൊണ്ടുപോകുന്നതു കണ്ട് വിദ്യാർത്ഥികൾ തടിച്ചുകൂടി.
പാവം രാഹുൽ! ക്രിക്കറ്റ് കളിക്കുമ്പോൾ കാൽ ഉളുക്കിയതാണെന്നു തോന്നുന്നു.
അവർ പറയുന്നു ചിലപ്പോൾ എല്ലിൽ പൊട്ടലുണ്ടാകുമെന്ന്. എന്തായാലും ആമ്പുലൻസ് വേഗം ആശുപത്രിയിലെത്തിക്കുമല്ലൊ.
അതെ, അവൻ അഞ്ചു മിനിറ്റിനകം ആശുപത്രിയിലെത്തിച്ചേരും. പക്ഷെ ഒരു ആമ്പുലൻസ് സമയത്തിന് രോഗിയുടെ അടുത്ത് എത്താൻ സാധിക്കാത്ത സാഹചര്യത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടൊ? അതാ കൂനൂരിൽ താമസിക്കാൻ ആരംഭിച്ചപ്പോൾ രാധിക ശാസ്ത്രി തിരിച്ചറിഞ്ഞത്.
30 വർഷം ബാഗ്ലൂരിലായിരുന്നു രാധിക ശാസ്ത്രി താമസിച്ച് ജോലി ചെയ്തിരുന്നത്. ഇപ്പോൾ അവർ കൂനൂരിലേയ്ക്ക് മാറി അവിടെ ഒരു കഫെ ആരംഭിച്ചു.
ആളുകൾ പറഞ്ഞു വെജിറ്റേറിയൻ കഫെ ഇവിടെ വിജയിക്കില്ലെന്ന്. പക്ഷെ ഞാൻ പറയുന്നു വിജയിക്കും...
കഫെ ഡൈം വിജയകരമായി നടന്നുവരുമ്പോൾ രാധികയുടെ മനസ്സ് മറ്റു ചില പ്രശ്നങ്ങളിലേയ്ക്ക് വഴുതി.
ആ ആമ്പുലൻസിന് ഈ ഇടുങ്ങിയ പാതയിലൂടെ മുകളിലേയ്ക്കു വരാൻ സാധിക്കില്ല. രോഗിയേയുംകൊണ്ട് താഴേക്ക് പോകണം!




*നീലഗിരിയിൽ താമസിക്കുന്ന ഒരു ആദിവാസി വിഭാഗം.

# ചിന്തല വെങ്കട്ട് റെഡ്ഡി




കൃഷിസ്ഥലത്തുവെച്ച് റെഡ്ഡിക്ക് ഒരു ബുദ്ധിതോന്നി.
സസ്യങ്ങൾക്ക് അവയുടെ ഭക്ഷണത്തിനായി പ്രകാശ സംശ്ലേഷണം നടത്താൻ കഴി യുമെങ്കിൽ എന്തുകൊണ്ട് അവർക്ക് സൂര്യനിൽ നിന്ന് വിറ്റാമിൻ ഡി ഉത്പാദിപ്പി ക്കാൻ കഴിയുന്നില്ല?
റെഡ്ഡി കൃഷിസ്ഥലത്ത് പര്യവേഷണങ്ങൾ ആരംഭിച്ചു.
സസ്യങ്ങൾക്ക് വിറ്റാമിൻ എ യും സി യും ഉത്പാദിപ്പി ക്കാൻ സാധിക്കുമെങ്കിൽ അതിന് വിറ്റാമിൻ ഡി യും ഉത്പാദിക്കാൻ സാധിക്കുമൊ എന്നു നോക്കാം.
റെഡ്ഡി തന്റെ പരീക്ഷണങ്ങൾക്കായി അരിയ്ക്കും ഗോതമ്പിനും മൂന്നു മൺപാത്തിയുണ്ടാക്കി.
ഒരു മൺ പാത്തിയിൽ മൃഗോൽപ്പന്നങ്ങളായ മുട്ട, പാൽ, വെണ്ണ, നെയ് എന്നിവ ചേർത്തു.
ചെടികൾ ഇതിലെ പോഷകങ്ങൾ വലിച്ചെടുക്കു മെന്നു പ്രതീക്ഷി ക്കുന്നു.
രണ്ടാമത്തെ മൺപാത്തിയിൽ വിറ്റാമിൻ ഡി ഗുളികയുടെ മിശ്രിതം ചേർത്തു.
മൂന്നാമത്തെ മൺപാത്തിയിൽ കാരറ്റും മധുരക്കിഴങ്ങും ചോളപ്പൊടിയും ചേർത്തു.




*ഇന്റർനാഷണൽ യൂണിറ്റ്സ്
**സിവിആർ (ചിന്തല വെങ്കട്ട് റെഡ്ഡി) സോയിൽ ടെക്നിക്
^ മേൽമണ്ണ് മാറ്റിവെച്ച് ഫലഭൂയിഷ്ഠമാക്കുന്ന സാങ്കേതിക വിദ്യ.

# സന്ദീപ് കുമാർ ബദ്സ്ര




* ഉപയോഗശൂന്യമായ പുസ്തകങ്ങളും, പത്രങ്ങളും ശേഖരിക്കുന്ന വ്യാപാരി.




*ഹിന്ദിയിൽ ജ്യേഷ്ഠ ഭാര്യ **അമ്മാവൻ

# സുരേഷും മൈഥിലിയും




*പൊടിച്ച ഐസ് കട്ടയിൽ സിറപ്പൊഴിച്ചുണ്ടാക്കിയത്




* ഇത്തരം ഉൽപ്പന്നത്തിന് ആ വാക്ക് ഉപയോഗിക്കുന്നു.
**കൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു സർക്കാർ സ്കീം.


സുരേഷും മൈഥിലും ഭൂമി ആഗ്രൊ വെഞ്ചർസ് എന്ന പേരിൽ ഒരു ചെറിയ സംരംഭം തുടങ്ങി.
വൈകാതെ, കുറച്ച് ജോലിക്കാർ ചേർന്നു. അവരുമായി ചേർന്ന് കുറച്ചധികം ഉൽപ്പന്നങ്ങൾകൂടി ഉണ്ടാക്കിത്തുടങ്ങി.
പ്രധാനപ്പെട്ട ഉൽപ്പനങ്ങൾക്ക് വൈകാതെ കൂടുതൽ ആവശ്യക്കാരുണ്ടായി.
ഈ പ്ലേറ്റുകൾ വേണമെങ്കിൽ മൈക്രൊ ഓവനിലും വയ്ക്കാവുന്നതാണ്.
അതിശയകരം തന്നെ!
എനിക്കു വിശ്വസിക്കാൻ സാധിക്കുന്നില്ല ഈ ചെരുപ്പ് പൂർണ്ണമായും പരിസ്ഥിതി സൗഹൃദമാണെന്ന്. പ്ലാസ്റ്റിക്കിന് എന്തൊരു അതിശയകരമായ ബദൽ!
ഇന്ന് സുരേഷിന്റെയും മൈഥിലിയുടേയും സംരംഭം വലിയ വിജയമാണ്, ഉത്പന്നങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്കുവരെ കയറ്റി അയക്കുന്നു.
This is an artist's interpretation of the map and does not claim to be accurate.
പ്രധാനമന്ത്രി അദ്ദേഹത്തിന്റെ റേഡിയൊ പരിപാടിയിൽ ഈ ദമ്പതികളെ പ്രോത്സാഹിപ്പിക്കുകയും അവരുടെ പ്രകൃതി സൗഹൃദമായ ഉത്പന്നങ്ങൾ വാങ്ങാൻ ജനങ്ങളോട് ആവശ്യപ്പെടുകയും ചെയ്തു.

# ദീപ്മാല പാണ്ഡെ




*ഉത്തർപ്രദേശിലെ ഒരു നഗരം


ഈ കുട്ടി എപ്പോഴും താങ്കളുടെ കൂടെ നടക്കുന്നതെന്തുകൊണ്ടാണ്. ഇവന് ക്ലാസ്സിൽ കയറേണ്ടേ?
ഇവന് സ്കൂളിലെ പരിസ്ഥിതി ഇണങ്ങി വരുന്നതേയുള്ളു. നമ്മൾ ക്ഷമ കാണിച്ചേ പറ്റൂ.
ദീപ്മാല അൻമോലുമായി ആംഗ്യഭാഷയിൽ സംസാരിച്ചു തുടങ്ങി...
ഗുഡ് മോണിങ്.
...അൻമോൽ തിരിച്ചും അഭിവാദ്യം ചെയ്തു.
ഒടുവിൽ അവൻ മറ്റുകുട്ടികളോടൊപ്പം ക്ലാസ്സിലിരുന്ന് പഠിച്ചു തുടങ്ങി.
ഒരു ദിവസം ആൻമോലിന് സർക്കാരിന്റെ സ്കോളർഷിപ്പ് കിട്ടി, ആ നിമിഷം അഭിമാനകരമായിരുന്നു.
സാധാരണയായി ശാരീരിക വെല്ലുവിളിയുള്ള കുട്ടികളുടെ ഫോം മാതാപിതാക്കളാണ് ഒപ്പിടാറ് പക്ഷെ അൻമോൽ സ്വയം ഒപ്പിട്ടിരിക്കുന്നു.
എന്റെ മകൻ ആത്മവിശ്വാസമുള്ളവനും സ്വയം പര്യാപ്തനുമായി മാറിയിരിക്കുന്നു.













*റൈറ്റ് ഓഫ് പേർസൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്

# ശ്രീമാൻ നാരായണൻ



ആ പാവം നായയെ നോക്കൂ. അവന് ദാഹിക്കുന്നു!
അവനുവേണ്ടി ഒരു പാത്രം വെള്ളം കൊടുക്കാം.
എന്റെ കൈയ്യിൽ പാത്രമുണ്ട് അതു പയോഗിക്കാം.
സാർ ഇന്ന് ഞങ്ങൾ നല്ലൊരു കാര്യം ചെയ്തു. ദാഹിച്ച ഒരു നായയ്ക്ക് വെള്ളം കൊടുത്തു.
അതു വളരെ നന്നായി. നിങ്ങളും ഇന്നത്തെ നമ്മുടെ കഥയിലെ ശ്രീമാൻ നാരായണനെ പോലെ ഹീറോ ആയിരിക്കുന്നു.
അദ്ദേഹം 10,000 ൽ അധികം മൺപാത്രങ്ങൾ പക്ഷികൾക്ക് വേനൽ ക്കാലത്ത് വെള്ളം കൊടുക്കാ നായി വിതരണം ചെയ്തു.
അത് 2018ലെ ഉഷ്ണകാലത്തെ ഒരു മധ്യാഹ്നമായിരുന്നു. 69 വയസ്സുള്ള ശ്രീമാൻ നാരായണൻ എറണാകുളം ജില്ലയിലെ മുപ്പത്തടം ഗ്രാമത്തിലെ തന്റെ ചെറിയ ഹോട്ടലിലെ ഉപഭോക്താക്കളെ സേവിക്കുന്ന തിരക്കിലായിരുന്നു.
നാരായണാ ഒരു വലിയ കൂജയിൽ വെള്ളം കൊണ്ടുവരൂ. ചൂട് സഹിക്കാൻ പറ്റുന്നില്ല.
തീർച്ചയായും! ദയവായി ആ ഫാനിന്റെ ചുവട്ടിൽ ചെന്നിരുന്നാലും.
പാർത്ഥക്കുട്ടി, രണ്ട് വലിയ പാത്രത്തിൽ വെള്ളമെടുത്ത് ആ മരച്ചോട്ടിൽ വയ്ക്കൂ. ദാഹിച്ചു വരുന്ന പാവം പക്ഷികൾക്ക് സഹായകമാകും.
ശരി ഏട്ടാ.


അടുത്ത ദിവസം നാരായണൻ പാത്രത്തിൽ കുറച്ചു വെള്ളം നിറച്ചു.
ഈ മൺപാത്രത്തിൽ നൂറു പക്ഷികൾക്കുള്ള വെള്ളമുണ്ട്.
നാരായണൻ കൂടുതൽ പാത്രങ്ങൾ കൊണ്ടുവന്ന് അയൽക്കാർക്ക് വിതരണം ചെയ്തു.
ദയവായി ഇതിൽ വെള്ളം നിറച്ച് മുറ്റത്തു വയ്ക്കൂ. ധാരാളം പക്ഷികൾ വന്ന് അതിന്റെ ദാഹം മാറ്റിക്കോളും.
ഞങ്ങളത് സന്തോഷത്തോടെ ചെയ്യാം.
വൈകാതെ, ധാരാളം ജനങ്ങൾ നാരായണന്റെ പ്രവൃത്തി കേട്ടറിഞ്ഞെത്തി, പാത്രങ്ങൾ തങ്ങളുടെ വീട്ടുമുറ്റത്ത് വയ്ക്കാമെന്ന് ഏറ്റു.
എനിക്ക് എത്ര പാത്രങ്ങൾ എടുക്കാം?
പക്ഷികൾക്ക് വെള്ളം കൊടുക്കാൻ വേണ്ടത്ര നിങ്ങൾക്കെടുക്കാം. ജലസ്രോതസ്സുകൾ വറ്റുകയാണ്. അവർക്കായി ചെയ്യാവുന്നതിൽവെച്ച് ഏറ്റവും വലിയ കാര്യമാണിത്.
നാരായണൻ തന്റെ പദ്ധതിക്ക് ഒരു പേരും നൽകി 'ജീവ ജലത്തിന് ഒരു മൺപാത്രം'.
കുറച്ച് ആഴ്ചകൾക്കു ശേഷം–
അങ്ങെന്താണ് ചെയ്യുന്നത്?
ഞാൻ ചെടി നടുകയാണ് പാർത്ഥാ. ഇതിൽ ഫലങ്ങൾ വരുമ്പോൾ മനുഷ്യർക്കും പക്ഷികൾക്കും ഒരു പോലെ പ്രയോജനപ്പെടും.
നാരായണനും സുഹൃത്തുക്കളും ഒരിക്കൽക്കൂടി സമീപവാസികളെ സന്ദർശിച്ചു.
നിങ്ങളുടെ തൊടിയിൽ ഫലവൃക്ഷത്തൈ നടാൻ അനുവാദം തരണം. പക്ഷെ കായ്ക്കുമ്പോൾ അതിലെ പഴങ്ങൾ പക്ഷികൾക്കായി വിട്ടുകൊടുക്കണം.
അങ്ങനെ ചെയ്യാം നാരായണൻ സാർ!
അടുത്ത മാസങ്ങളിൽ നാരായണൻ 10,000 വൃക്ഷത്തൈകൾ നടുന്നതിന് മേൽനോട്ടം വഹിച്ചു.


അദ്ദേഹം നൂറുകണക്കിന് തൈകൾ തയ്യാറാക്കി–
സരോജിനിയമ്മേ, ഈ തൈകൾ വീട്ടിനടുത്ത് നട്ടുപിടിപ്പിക്കൂ.
കുറച്ചുകൂടി തൈകൾ എടുത്തോട്ടെ. ഇതിൽ ഒരു സർപ്പോട്ട തൈ കണ്ടിരുന്നു.
അദ്ദേഹം ഒരു ഗ്രാമത്തിൽ നിന്ന് മറ്റൊരു ഗ്രാമത്തിലേയ്ക്ക് തൈകൾ വിതരണം ചെയ്യാനായി പോയിക്കൊണ്ടിരുന്നു.
നാരായണാ, നിങ്ങൾ പരിസ്ഥിതിക്കുവേണ്ടി കുരിശുയുദ്ധം നടത്തുന്നയാളാണ്. ഈ തൈകൾക്കുള്ള ചിലവ് എങ്ങിനെ നടത്തുന്നു?
എന്റെ മൂന്നു മക്കളും നല്ല നിലയിലെത്തി. ഇപ്പോൾ ഞാനെന്റെ സമ്പാദ്യമെല്ലാം ഇതിനുവേണ്ടി നീക്കിവെച്ചിരിക്കുന്നു.
നാരായണൻ 15 ലക്ഷം രൂപ ചിലവാക്കി 50,000 വൃക്ഷത്തൈകൾ ജില്ലയിലാകെ വിതരണം ചെയ്തു.
അടുത്ത വേനൽക്കാലത്ത്–
മൺപാത്ര കാമ്പയിൽ പുനരാരംഭിച്ചോ, ങ്ഹേ?
അതെ, ഞാൻ 10,000 മൺപാത്രങ്ങളുടെ ഓർഡർ കൊടുത്തിട്ടുണ്ട്. അത് വിതരണം ചെയ്യാൻ നിനക്കെന്നെ സഹായിക്കാമൊ?
തീർച്ചയായും! നമുക്കത് കോളനികളിലും സ്കൂളുകളിലും കോളജുകളിലും വിതരണം ചെയ്യാം.
ആ പാത്രങ്ങൾ കഴിഞ്ഞപ്പോൾ, കൂടുതൽ പാത്രങ്ങൾക്ക് നാരായണൻ ഓർഡർ കൊടുത്തു.
അടുത്ത മൂന്നു വർഷങ്ങൾകൊണ്ട് നാരായണൻ ഒരു ലക്ഷം ചെടിച്ചട്ടികൾ സൗജന്യമായി വിതരണം ചെയ്തു.
ഇപ്പോഴത്തെ പരിസ്ഥിതി ഭീഷണികളെ അവഗണിച്ചുകൊണ്ട് എനിക്ക് ഒന്നും സമ്പാദിക്കേണ്ട. എന്റെ ജീവിതം ലോകത്തിന് ഒരു സന്ദേശമാകണമെന്ന് ഞാനാഗ്രഹിക്കുന്നു.
മാഹാത്മാഗാന്ധിയുടെ ആദർശങ്ങൾ പിൻതുടരുന്ന നാരായണന്റെ പ്രവർത്തനത്തെ മുൻനിർത്തി അടുത്ത കാലത്ത് എസ്. കെ. പൊറ്റക്കാട് അവാർഡ്, വൃക്ഷമിത്ര അവാർഡ് എന്നിവ അദ്ദേഹത്തിനു ലഭിച്ചു. മൻകി ബാത്തിൽ പ്രധാനമന്ത്രി മോദി അദ്ദേഹത്തെ പ്രകീർത്തിച്ചു.

# ഡോ. കുരെല്ല വിത്തലാചാര്യ




* തെലങ്കാനയിലെ ഒരു ഗ്രാമം
** ഭൂവുടമ


...രാത്രിമുഴുവൻ വായിച്ചു...
...രാവിലെതന്നെ അത് വായിച്ചു തീർത്തു.
ഇതാ നിന്റെ പുസ്തകം.
ഇതു വായിച്ചു തീർന്നോ!?
ഇതെല്ലാം സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെയായിരുന്നു.
വൈകാതെ, കോളജ് വിദ്യാഭ്യാസം കഴിഞ്ഞ് തെലുങ്ക് പഠിപ്പിക്കാൻ തുടങ്ങി. പിന്നീട് അദ്ദേഹം പി.എച്.ഡി. എടുത്തു, ഒരു സർക്കാർ കോളജിലെ പ്രിൻസിപ്പലായി നിയമിതനായി. ഇന്ന് ധാരാളം പുസ്തകം വാങ്ങാൻ അദ്ദേഹത്തിനാകുന്നു.
കുറെല്ല 22 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.
1993 ൽ, അദ്ദേഹം വിരമിച്ചതിനു ശേഷം അദ്ദേഹത്തിന്റെ ഗ്രാമത്തിൽ തിരിച്ചെത്തി.
ഇനി എനിക്കൊരു ലൈബ്രറി യുണ്ടാക്കാൻ സാധിക്കും. ഈ കുട്ടികൾക്ക് ആ സൗകര്യം ലഭിക്കണം എന്ന് ആഗ്രഹിക്കുന്നു. എനിക്കൊരിക്കലും അതു കിട്ടിയിരുന്നില്ല.
അതിനു കുറച്ചു വർഷമെടുത്തു, പക്ഷെ 2014 ൽ–
പ്രിൻസിപ്പൽ സാർ എന്താണ് ചെയ്യുന്നത്?
എന്റെ സമ്പാദ്യമുപയോഗിച്ച് എന്റെ വീടിന്റെ താഴത്തെ നിലയിൽ ഒരു വലിയ മുറി യുണ്ടാക്കുകയാണ്.


വൈകാതെ –
എന്റെ വീടിന്റെ ഒരു ഭാഗം ഇപ്പോൾ ഒരു ലൈബ്രറിയാണ്, ആർക്കും വായിക്കാം. എന്റെ 5,000 പുസ്തകങ്ങൾ ഇവിടെ സൗജന്യമായി ലഭ്യമാണ്. ആർക്കെങ്കിലും പുസ്തകങ്ങൾ സംഭാവന ചെയ്യാമെങ്കിൽ കൃതജ്ഞനായി.
WELCOME
എഴുത്തുകാരും കവികളും, വിദ്യാർത്ഥികളും പ്രതികരിച്ചു. അതോടെ 5,000 പുസ്തകങ്ങൾ 2 ലക്ഷമായി വളർന്നു. അതിൽ അപൂർവ്വമായ പുസ്തകങ്ങളും പെടും.
നമുക്ക് സ്ഥല പരിമിതിയുണ്ട്. നമുക്ക് വലിയൊരു ലൈബ്രറിയുണ്ടാക്കണം.
കുരെല്ല ഒന്നാം നിലകൂടി ലൈബ്രറിയാക്കി മാറ്റി. 'ആചാര്യ കുരെല്ലാ ഗ്രന്ഥാലയം' ഇന്ന് അറിവിന്റെ ഒരു ഭണ്ഡാരമായി മാറിയിരിക്കുന്നു.
എന്റെ ലൈബ്രറിയുടെ സഹായത്തോടെ 8 ഗവേഷണ വിദ്യാർത്ഥികൾ പി.എച്ച്.ഡി. എടുത്തു.
അദ്ദേഹത്തിന്റെ തെലുങ്ക് ഭാഷയിലുള്ള സംഭാവനകൾ പരിഗണിച്ച് 2019 ൽ ഡോ. കുരെല്ല വിത്തലാചാര്യക്ക് ദാശരഥി അവാർഡ് ലഭിച്ചു. പ്രധാനമന്ത്രി മോദി തന്റെ മൻ കി ബാത്തിൽ അദ്ദേഹത്തെ പരാമർശിക്കുകയും ചെയ്തു.
എന്നെ സന്തോഷിപ്പിക്കുന്ന കാര്യം, എന്റെ ലൈബ്രറിയുടെ പ്രചോദനം ഉൾക്കൊണ്ട് പലരും ഗ്രാമ പ്രദേശങ്ങളിൽ ലൈബ്രറിയുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ചെറു ഗ്രാമങ്ങളിലെ കുട്ടികൾ പഠന സൗകര്യമില്ലാതെ വിഷമിക്കാനിടവരില്ല.

# രാഹുൽ മഹാറാണ




*ഒറീസയിലെ ഒരു തീരം


ഈ കുപ്പി ചെളിയുടെ
പല പാളികളിൽ കുടുങ്ങിക്കി
ടക്കുകയാണ്! കാലങ്ങളായി
ഇവിടെ മാലിന്യം അടിഞ്ഞു
കൂടി കിടക്കുകയായിരിക്കും.
ഇത് പുഴവക്കിൽ
താമസിക്കുന്നവർ
എറിഞ്ഞതാണ്.
കണ്ടൽക്കാടുകൾ
പരിസ്ഥിതിക്ക് വളരെ
പ്രധാനപ്പെട്ടതാണ്. അത്
കരയെ കടലിൽ നിന്നു
രക്ഷിക്കുന്നു. അതു സംര
ക്ഷിക്കേണ്ടതുണ്ട്.
ഒരു ചാക്കുമായി ദൗത്യമാരംഭിച്ചു....
...രാഹുൽ തന്റെ ഞായറാഴ്ചകൾ അസ്തരംഗയിൽ ചിലവഴിച്ചു തുടങ്ങി.


അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ പൊതുജന ശ്രദ്ധയാകർഷിച്ചു. ജനുവരി 8, 2022 ൽ ഒരു ശുദ്ധീ കരണ ശ്രമദാനം ആരംഭിച്ചു. അതിൽ ധാരാളം സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു.
പ്രവർത്തനങ്ങൾക്കെല്ലാ വർക്കും നന്ദി! നമ്മളിന്ന് ഒരു മഹത്തായ കാര്യം ചെയ്തു.
ഹുയ്.....!
രാഹുൽ ഇന്ന് ഒരു സെക്യൂരിറ്റി ഗാർഡായി ജോലി ചെയ്യുന്നു. എന്നിട്ടും തന്റെ ദൗത്യത്തിൽ നിന്ന് വ്യതിചലിച്ചിട്ടില്ല.
ഈ ശുചിത്വ പരിപാടിക്ക് സമയവും പണവും കണ്ടെ ത്താൻ ബുദ്ധിമുട്ടില്ലേ?
എന്റെ ശമ്പളത്തിന്റെ ഭൂരിഭാഗവും ഇതിനായി ചിലവിടുന്നു. വേറിട്ട് എന്തെ ങ്കിലും ചെയ്യുന്നത് നല്ലതാണ്, എന്റെ മാതാപിതാക്ക ളുടേയും പിൻതുണയുണ്ട്.
തണ്ണീർത്തടങ്ങളുടെ പുനരുദ്ധാരണത്തി ന്റെ വക്താവുകൂടിയാണ് രാഹുൽ.
ഈ കണ്ടലുകൾ നട്ടുപിടിപ്പിക്കുന്ന തിൽ വളരെ സന്തോ ഷമുണ്ട്.
ഇതെല്ലാം വളർന്നാൽ ജൈവവൈവിദ്ധ്യത്തെ നിലനിർത്തുകയും തീരത്തെ സംരക്ഷിക്കു കയും ചെയ്യും.
ഇതിനകം 2,250 കിലൊ മാലിന്യം രാഹുൽ നീക്കം ചെയ്തു കഴിഞ്ഞു.
ആളുകൾ മാലിന്യം തള്ളുന്നത് തുടർന്നാൽ എന്റെ ജോലി ഇനിയും വർദ്ധിക്കും. മലിനീകരണ ത്തിന്റെ അപകടത്തെക്കുറിച്ച് ജനങ്ങളെ ബോധവത്ക രിക്കേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന് എല്ലാവരും അവരവരുടെ ചുമതല നിറവേറ്റിയാൽ തീർച്ചയായും നാട് അഭിവൃദ്ധിപ്പെടും.



# മൻ കി ബാത്ത്

## വാല്യം – 4

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റേഡിയൊ പരിപാടിയായ മൻ കി ബാത്തിലെ നായകർ നമുക്കു ചുറ്റും ജീവിക്കുന്നവരാണ്.

വലിയ ഹൃദയവും അചഞ്ചലമായ ദൃഢനിശ്ചയവുംകൊണ്ട് സായുധരായ ഇവർ സമൂഹത്തിൽ മാറ്റമുണ്ടാക്കുന്നവരാണ്.

ദീപ്മാല പാണ്ഡെയെന്ന സ്കൂൾ പ്രിൻസിപ്പലിനെ അറിയുക, എല്ലാതരം വിദ്യാർത്ഥികളേയും ഉൾക്കൊള്ളുന്ന ഒരു പാഠ്യ രീതിയുടെ വക്താവാണവർ. അവരുടെ 'വൺ ടീച്ചർ, വൺ കാൾ' പദ്ധതി പടിപടിയായി എന്നാൽ വളരെ കാര്യക്ഷമമായിത്തന്നെ, ശാരീരിക വെല്ലുവിളിയുള്ള കുട്ടികൾക്ക് മറ്റു കുട്ടികൾക്കു കിട്ടുന്നപോലെതന്നെ അതേ മികച്ച വിദ്യാഭ്യാസം ലഭ്യമാക്കി.

സൂര്യപ്രകാശം കൊണ്ട് അനുഗ്രഹീതമായി ഈ രാജ്യത്ത് ഭൂരിഭാഗം പേരും വിറ്റാമിൻ ഡിയുടെ കുറവ് അനുഭവിക്കുന്നവരാണെന്ന് നിങ്ങൾക്കറിയാമൊ? ഇത് ചിന്തല വെങ്കട്ട് റെഡ്ഡിയെന്ന കർഷകനെ വിഷമിപ്പിച്ചു. അദ്ദേഹം വിറ്റാമിൻ ഡി അടങ്ങിയ വിളകൾ നൂതനമായ രീതിയിലൂടെ വികസിപ്പിച്ചെടുത്തു.

എല്ലാവർക്കും ഇന്റർനെറ്റ് പ്രാപ്യമല്ലെങ്കിലും, രേഖകൾ അപേക്ഷിക്കാനായാലും ഗവേഷണത്തിനായാലും ഏതാനും ക്ലിക്കുകൾകൊണ്ട് ഇന്റർനെറ്റിലൂടെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. ഓം പ്രകാശ് സിങിനെക്കുറിച്ച് പരിചയപ്പെടുക, അദ്ദേഹം തന്റെ ഗ്രാമത്തിലെ എല്ലാവർക്കും ഇന്റർനെറ്റ് സൗകര്യമെത്തിച്ചിരിക്കുന്നു.

മൻ കി ബാത്തിന്റെ നാലാം വാല്യത്തിലെ 11 കഥകളും നിങ്ങൾ ഇഷ്ടപ്പെടും, നിങ്ങൾക്ക് അറിവു നൽകും, ഇവ നിങ്ങളെ പ്രചോദിപ്പിക്കും.



₹99

www.amarchitrakatha.com
ISBN 978-81-19596-16-4
9 788119 596164